# ജ്വാല



ജയകേരളം സ്കൂൾ പുല്ലുവഴി

"ജയകേരളത്തിന്റെ അറുപത്തിനാലാമത്

പിറന്നാൾ ദിനത്തിൽ little kites ന്റെ

ചെറിയ ഉപഹാരം"





# സന്ദേശം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്ന് കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്ന വസ്തുത മുൻനിറുത്തി കൊണ്ട് അടിസ്ഥാന വിദ്യാഭ്യാസത്തെ ലോകനിലവാരത്തിലേക്കുയർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സുറികൾ ഹൈടെക്ക് ആക്കുകയുണ്ടായി. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാകും. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി Kerala Infrastructure and Technology for Education നടപ്പാക്കുന്ന ഈ പദ്ധതി രാജ്യത്തെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ്. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ അംഗങ്ങൾക്കും, അവരെ രൂപപ്പെടുത്തിയെടുക്കുന്ന അധ്യാപകർക്കും,അവരുടെ ആദ്യ സംരംഭമായ ഡിജിറ്റൽ മാഗസിനും എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന്

ജി.ശ്രീകുമാർ

ഹെഡ് മാസ്റ്റർ

# ഞങ്ങളെ കുറിച്ച്............

| | |
|---|---|
| ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്പർ | **LK /2018 /27011** |
| കൈറ്റ് മിസ്ട്രസ് | അജിതനാഥ് ജി<br>ബിന്ദു വർഗീസ് |
| അംഗങ്ങൾ | 20 |
| എഡിറ്റർ | അഭിജിത്.ആർ |
| സബ് എഡിറ്റർ | പ്രവീൺ രാജ് .കെ. |

## എഡിറ്റോറിയൽ ബോർഡ്



# ഉള്ളടക്കം


- മേടമാസം മഹാരാഷ്ട്രയിൽ ................ Vrindha sudhi
- മോഹം ........................... Aryanandha
- രാജകുമാരിയും മാന്ത്രിക പെൻസിലും.....................Praveen raj.K.R
- കള്ളനെ പറ്റിച്ച അമ്മൂമ്മ ............ Karthik lal
- അമ്മ അമ്മൂമ്മ .................................... Karthik lal
- കുറുക്കനും പ്രാവും .................................... Amal jith.K.R
- രാജകുമാരിയും രാജകുമാരനും ഭൂതവും....... Lakshmi shiju
- ചെണ്ട കൊട്ട് ....................... Jithu.K.S
- സ്വർണ കാക്ക ..................................................Manya manoj

- രാമുവും ദാമുവും......................................................Manasy manoj
- ചിന്നു കുരുവിയുടെ ദയ ....................................Aiswarya biju
- കുറുക്കന്റെ കൗശലം ......................................Abhinav.K.renjit
- ലൊട്ടു കുരങ്ങനും മൊട്ടു മുയലും.................... Indraja sivan
- പണം കായ്ക്കുന്ന മരം ................................. Arathy shaji

## _മേടമാസം മഹാരാഷ്ട്രയിൽ

2014 മേടമാസത്തിലെ വിഷുപ്പുലരിയ്ക്കു ശേഷം വീട്ടിൽ എല്ലാവരും ഒരുമിച്ചിരുന്നൊരു പ്രാതൽ കഴിയ്ക്കുമ്പോൾ അച്ഛനൊരു ഫോൺകോൾ. സുഹൃത്തിന്റേതായിരുന്നു കോൾ.  ഇത്തവണ ഈ വെക്കേഷൻ ആഘോഷിക്കാൻ അങ്ങോട്ട് ചെല്ലണം എന്നു പറഞ്ഞിരിക്കുന്നു. ഞാനും അനിയനും സന്തോഷം കൊണ്ട് തുള്ളിച്ചാടി! പ്രാതൽ കഴിഞ്ഞപ്പോൾ തന്നെ അച്ഛൻ ഞങ്ങൾക്ക് പോകാനുള്ള ട്രെയിൻ (സീറ്റ്) ബുക്ക് ചെയ്തു. മംഗള എക്സ്പ്രസിൽ AC-2 കപാർട്ട്മെന്റിൽ. അന്നു മുതൽ ട്രെയിൻ യാത്രയെക്കുറിച്ചും മഹാരാഷ്ട്രയെക്കുറിച്ചും, ഓരോ സംശയങ്ങൾ ഞങ്ങൾ രണ്ടുപേരും അച്ഛനോട് ചോദിച്ച് കൊണ്ടിരുന്നു. അമ്മയാവട്ടെ അവിടെ ചെന്നിട്ട് അറിഞ്ഞാൽ പോരെ എന്ന് പറഞ്ഞ് ഞങ്ങളെ ശകാരിച്ചുകൊണ്ടിരിന്നു.



### കാത്തിരുന്ന്

കാത്തിരുന്ന് അങ്ങനെ ആ ദിവസം വന്നെത്തി. 2014  ഏപ്രിൽ മാസം 19 -ാം തീയതി ഞങ്ങൾ (അച്ഛനും,അമ്മയും, അനിയനും,ഞാനും) നാലുപേരും മംഗളഎക്സ്പ്രസ്സിൽ ആലുവ റെയിൽവെ സ്റ്റേഷനിൽ നിന്നും യാത്ര തിരിച്ചു. 21-ാം തീയതി രാവിലെ ഞങ്ങൾ നാസിക്റോഡ് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങുമ്പോൾ സുഭാഷ് അങ്കിളും, ശോഭ ആന്റിയും അവരുടെ രണ്ടുമക്കളും ഞങ്ങളെ കാത്ത് റെയിൻവെ സ്റ്റേഷനിൽ ഉണ്ടാരുന്നു. അവരുടെ കാറിൽ ഞങ്ങൾ അവർ

## _മേടമാസം മഹാരാഷ്ട്രയിൽ

താമസിക്കുന്ന ജവഹർ നഗറിലേക്കു പോയി. വഴിയിലുടനീളം സ്വാതിയും പ്രണവും വാതോരാതെ സംസാരിച്ചിരുന്നു. രാവിലെ വീട്ടിലെത്തിയതിനു ശേഷം ദിനചര്യകളെല്ലാം കഴിഞ്ഞ് ഡൈനിങ്ങ് ഹാളിലെത്തിയപ്പോൾ പ്രാതൽ തയ്യാറായിരുന്നു. ചൂടപ്പവും,മുട്ടക്കറിയും,ചായയും.തനി നാടൻ ഭക്ഷണം.

പ്രാതലിനു ശേഷം, സുഭാഷങ്കിളും കുടുമ്പവുമൊത്ത് ഞങ്ങളവിടെ അടുത്തുള്ള സ്ഥലങ്ങൾ സന്ദർശിക്കാനായി പുറപ്പെട്ടു. ഞങ്ങൾ ആദ്യമായി എത്തിയത്



പാണ്ഡവഗുഹയിലാണ്. വനവാസകാലത്ത് പാണ്ഡവർ ഒളിവിൽ കഴിഞ്ഞ സ്ഥലം. കരിങ്കല്ലിൽ തീർത്ത വിസ്മയം. ഇരിപ്പിടവും



ശയനസ്ഥലവുമെല്ലാം കരിങ്കല്ലിൽ തന്നെ. മലയ്ക്ക്മുകളിലേക്ക് കയറാനായി കരിങ്കൽ പടവുകൾ. അവിടെ ഏതാനും സമയം ചിലവഴിച്ചതിനു ശേഷം ഞങ്ങൾ മലയിറങ്ങി. താഴെയെത്തിയപ്പോൾ അച്ഛൻ ഞങ്ങൾക്കെല്ലാവർക്കും കുൽഫി വാങ്ങി തന്നു. അതിനുശേഷം ഞങ്ങൾ അമ്യൂസ്മെന്റ് പാർക്കിലേക്ക് പോയി. അവിടെയെത്തി വളതരെ അധികം സമയം ചെലവിട്ടു.  മഹാരാഷ്ട്രയുടെ തനതുരുചിയായ വടപ്പാവ് കഴിച്ചു. പിന്നെ ഞങ്ങൾ പോയത് പഞ്ചവടിയിലേക്കാണ്.

## _മേടമാസം മഹാരാഷ്ട്രയിൽ

രാമായണവുമായി ബന്ധപ്പെട്ട് കിടക്കുന്ന സ്ഥലം. വനവാസക്കാലത്ത് ശ്രീരാമനും ,സീതയും,ലക്ഷമണനും താമസിച്ചിരുന്ന സ്ഥലം വളരെ ഭംഗിയായി സംരക്ഷിച്ചിരിക്കുന്നു. ഗോദാവരിയുടെ തീരത്ത് ഗൗതമമഹർഷിയുടെ ആശ്രമവും കാണാം. ലക്ഷ്മണൻ ശൂർപ്പണയുടെ അംഗവിച്ഛേദം ചെയ്ത സ്ഥലവും സന്ദർശിച്ചു. അതിലും ശേഷം ഞങ്ങൾ ദേവാദിദേവൻ ശിവഭഗവാന്റെ 12 ജ്യോതിർലിംഗങ്ങളിൽ ഒന്നായ ത്ര്യംബകേശ്വൻ സന്ദർശിക്കാനായി പുറപ്പെട്ടു. സ്വയംഭൂവായ ശിവലിംഗം ദർശിച്ചതിനു ശേഷം ഗോദാവരിയുടെ  ഉൽഭവസ്ഥാനമായ ബ്രഹ്മഗിരിയിലേക്ക് പോയി.





അവിടെനിന്ന് തിരിച്ച് അങ്കിളിന്റെ വീട്ടിലെത്തിയപ്പോൾ സമയം ഇരുട്ടിയിരുന്നു. പകൽ മുഴുവൻ നടന്നതിന്റെ ക്ഷീണം കാരണം എല്ലാവരും സുഖമായി ഉറങ്ങി. പിറ്റേന്ന് രാവിലെ അവിടെ നിന്നും അജന്ത എല്ലോറ ഗുഹകൾ കാണാൻ പോയി. പുരാതന ശിലായുഗത്തിലെ ശില്പചാതുര്യം അവിടെ ദർശിക്കാനായി. പിറ്റേദിവസം അങ്കിളിന്റെ വീടിനോട് ചേർന്നുള്ള  മുന്തിരിതോട്ടത്തിൽ ഞങ്ങൾ സമയം ചെലവഴിച്ചു. അങ്കിളിനോടും കുടുംബത്തിനോടൊപ്പം വെക്കേഷൻ

## _മേടമാസം മഹാരാഷ്ട്രയിൽ

ആഘോഷിച്ചതിന്റെ സന്തോഷത്തിലായിരുന്ന ഞങ്ങൾക്ക് തിരിച്ചുവരാൻ വളരെ വിഷമമായിരുന്നു.അന്ന് രാത്രി ഞങ്ങളെ ട്രെയിൻ കയറ്റിവിടാൻ അങ്കിളും കുടുംബവും വന്നിരുന്നു. ട്രെയിൻ വിടാൻ നേരം അവർ എല്ലാവരും കരയുന്നതും ഞങ്ങള് കണ്ടു. എനിക്ക് സങ്കടം വന്നു. അങ്ങനെ ഞങ്ങൾ ഒത്തിരി ഓർമ്മകളുമായി നാട്ടിൽ തിരിച്ചെത്തി. ഓർമ്മകളുടെ മണിച്ചെപ്പിൽ എന്നും മായാത്ത അനുഭവങ്ങളെ ഇന്നും അയവിറക്കുന്നു.



# <u>മോഹം</u>

മോഹത്തിൻ ഇതൾവീണ പാതകളിലൂടെ

മൗനമായ് നീങ്ങുവാൻ മോഹം

നിറവാർന്ന ജീവിത്താളുകൾ ഒന്നൊ-

ന്നായ് തിരഞ്ഞൊന്ന് നോക്കുവാൻ

മോഹം.



ബാല്യത്തിൻ മാധുര്യം ഇത്തിരി

നുണയുവാൻ

മാനസപ്പൂവിലും മോഹം

അമ്മതൻ സ്നേഹത്തിൻ നൊമ്പരം

എന്നും നെഞ്ചോടൊതുക്കുവാൻ മോഹം

ഇലകൾതൻ കൈകളിൽ ഇക്കിളി കൂട്ടി-

ക്കൊണ്ടകലെ മറഞ്ഞിടാൻ മോഹം.

നിറവാർന്ന ചങ്ങാത്തം പൊടിതട്ടി

വീണ്ടുമെൻ മനസ്സിൽ പുതുപ്പിക്കാൻ മോഹം.

അറിയാതെ ഞാനെന്റെ ചിതലേറും

ഓർമകൾ മിന്നസമായ് മാറ്റുന്ന നേരം.

ഇനിയുമെൻ ജീവിതം ധന്യമായ് മാറുമെ-

ന്നൊരുകുയിൽ പാടുന്നു വീണ്ടും.

## രാജകുമാരിയും മാന്ത്രികപെൻസിലും


ഒരിക്കൽ ഒരു  രാജ്യത്ത്ഒരു രാജാവുണ്ടായിരുന്നു.അദ്ദേഹം ഭരിച്ചിരുന്ന രാജ്യത്തിൻറെ പേര് കൃഷ്ണപുരി എന്നായിരുന്നു.അദ്ദേഹം വളരെ വയസ്സനായിരുന്നു.രാജാവിന്റെ പേര് ധർമ്മപാലൻ എന്നായിരുന്നു.അദ്ദേഹത്തിന് ഒരേ ഒരു മകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്.കാർമ്മിന്നി എന്നായിരുന്നു ആ രാജകുമാരിയുടെ പേര്.അവൾക്ക് ഒരു മാന്ത്രിക പെൻസിൽ കിട്ടാനിടയായി.അതെങ്ങനെയാണ് എന്ന് പറയാം.കർമ്മിന്നി രാജകുമാരി സത്കർമ്മം  മാത്രമായിരുന്നു ചെയ്തത്.ഇതിൽ സന്തുഷ്ടയായ ദേവത അവൾ ഉറങ്ങുന്ന സമയത്ത് മുറിയിൽ കയറി അവളുടെ  മുഖത്തേക്ക്



പ്രകാശരശ്മികൾ അയച്ചു.പെട്ടെന്ന് അവൾ ഞെട്ടി ഉണർന്നു അവൾ പ്രകാശം വന്ന സ്ഥലത്തേക്ക് നോക്കി  അപ്പോൾ അവൾ അവിടെയൊരു ദേവതയെ കണ്ടു.ദേവത അവളോടു  പറഞ്ഞു പേടിക്കേണ്ട നിനക്കൊരു സമ്മാനം നൽകാൻ വേണ്ടി വന്നതാണ്.എന്തിനുള്ള  സമ്മാനം രാജകുമാരി ചോദിച്ചു. നീ ചെയ്യുന്ന കർമ്മങ്ങൾക്കുള്ള സമ്മാനം ദേവത പറഞ്ഞു.എന്നിട്ട് തന്റെ കയ്യിലുള്ള മാന്ത്രിക പെൻസിൽ നൽകി. കർമിന്നി രാജകുമാരി അത് ആദരവോടെ സ്വീകരിച്ചു.അവൾ അത് ആരും  കാണാതെഒരു സ്ഥലത്ത്  ഭദ്രമായി വച്ചു.അപ്പോൾ ദേവത പറഞ്ഞു നിന്റെ ശത്രുക്കളുടെ നേരെ ഈ മാന്ത്രിക പെൻസിൽ നീട്ടിയാൽ അവർ മരിച്ചുവീഴും,പെട്ടെന്ന് ദേവതാ മറഞ്ഞു.ഇങ്ങനെയാണ് രാജകുമാരിക്ക് മാന്ത്രിക പെൻസിൽ കിട്ടിയത്.ആ രാജ്യത്ത് ഒരു

## രാജകുമാരിയും മാന്ത്രികപെൻസിലും

മന്ത്രവാദി ഉണ്ടായിരുന്നു. അയാൾ മഹാ ദുഷ്ടനായിരുന്നു. രാജകുമാരിക്ക് മാന്ത്രിക പെൻസിൽ കിട്ടി എന്ന് ആരും അറിയാത്ത രഹസ്യം മന്ത്രവാദി എങ്ങനെയോ അറിഞ്ഞു.അയാൾ അത് തട്ടിയെടുക്കാൻ ശ്രമിച്ചു.പലവഴി നോക്കിയിട്ടും ഫലിച്ചില്ല.ഒടുവിൽ അയാൾ കൊട്ടാരത്തിൽ രാജകുമാരിയുടെ മുറിയിൽ ചെന്നു. രാജകുമാരി കാര്യം അന്വേഷിച്ചു. മന്ത്രവാദി രാജകുമാരിയോട് പറഞ്ഞു 'കുമാരിക്കു ഒരു മാന്ത്രിക പെൻസിൽ കിട്ടി എന്ന് അറിഞ്ഞു.. മാതൃക പെൻസിലിൽ പോലുള്ള സാധനങ്ങൾ സാധാരണമനുഷ്യരുടെ കയ്യിലിരിക്കുന്നത് ശരിയല്ല. മന്ത്രവാദികളുടെ കയ്യിൽ മാത്രമേ വയ്ക്കാൻ കഴിയുകയുള്ളൂ'.അയാൾ ഒരു ദുഷ്ടനാണെന്ന് രാജകുമാരി ഉണ്ടോ അറിയുന്നു. രാജകുമാരി അത് വിശ്വസിച്ചു.മാന്ത്രിക പെൻസിൽ



ഉപയോഗിച്ച് പലരെയും കൊന്നു.ആ പഴയ ദേവതാ രാജകുമാരിക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു പറഞ്ഞു.'മാന്ത്രിക പെൻസിൽ കൊണ്ടുപോയ അയാൾ ദുഷ്ടനാണ്.അയാൾ  പറഞ്ഞതെല്ലാം നുണയാണ്. അയാളിൽ നിന്ന് എങ്ങനെയെങ്കിലും മാന്ത്രിക പെൻസിൽ തിരിച്ചെടുക്കണം'.എന്നിട്ട് ദേവത  പറഞ്ഞു അന്ന് രാത്രി തന്നെ ദേവത രാജകുമാരിക്ക് പ്രത്യക്ഷപ്പെട്ടു.അവർ ആരും കാണാതെ മാന്ത്രിക പെൻസിൽ തേടിയിറങ്ങി.അവസാനം മന്ത്രവാദിയുടെ വീട്ടിൽ എത്തിച്ചേർന്നു.മന്ത്രവാദി മാന്ത്രിക പെൻസിൽ മാന്ത്രിക അറയിലാണ് അത് എടുത്ത് വെച്ചിരിക്കുന്നത് എന്ന് മനസ്സിലായി.ദേവതക്ക് പല മാന്ത്രിക വിദ്യകളും അറിയാം.ദേവത പല മാന്ത്രിക വിദ്യകളും കാടി മാന്ത്രിക പെൻസിൽ കൈക്കലാക്കി എന്നിട്ട് രാജകുമാരിയെ കൊട്ടാരത്തിലെത്തിച്ചു.മാന്ത്രിക പെൻസിൽ

## രാജകുമാരിയും മാന്ത്രികപെൻസിലും

നൽകിയതിനു ശേഷം പറഞ്ഞു അയാൾ ഇനി മാന്ത്രിക പെൻസിൽ അന്വേഷിച്ച് വന്നാൽ മാന്ത്രികപെൻസിൽ അയാളുടെ നേരെ നീട്ടണം. ഇനി ആർക്കും മാന്ത്രിക പെൻസിൽ നൽകരുത്. ഇത്രയും



പറഞ്ഞുകൊണ്ട് ദേവത മറഞ്ഞു.രാവിലെ മന്ത്രവാദി എഴുന്നേറ്റ് മാന്ത്രിക പെൻസിൽ ഉണ്ടോ എന്ന് നോക്കി. മാന്ത്രിക പെൻസിൽ കാണാനില്ല. അയാൾ രാജകുമാരിയുടെ അടുത്തേക്ക് ഓടി.രാജകുമാരിയോട് പെൻസിൽ അന്വേഷിച്ചു.ഉടൻ തന്നെ രാജകുമാരി മാന്ത്രിക പെൻസിൽ എടുത്ത് മന്ത്രവാദിയുടെ നേരെ നീട്ടി. പെട്ടെന്ന് മന്ത്രവാദി മരിച്ചുവീണു.

ഗുണപാഠം; അസൂയ നല്ലതല്ല

# കള്ളനെ പറ്റിച്ച അമ്മൂമ്മ

ഒരിടത്തൊരിടത്ത് ഒരു അമ്മൂമ്മയും ഒരു അപ്പൂപ്പനും ഉണ്ടായിരുന്നു. അവർ വളരെ ധനികരായിരുന്നു.അപ്പൂപ്പൻ കള്ളന്മാരുടെ കാര്യം അമ്മൂമ്മയോട് പറഞ്ഞു. അപ്പോൾ അമ്മൂമ്മ പറഞ്ഞു നിങ്ങൾ ഒരു തകരപ്പെട്ടി വാങ്ങിച്ചു കൊണ്ടുവരു. അപ്പൂപ്പൻ വാങ്ങിച്ചുകൊണ്ടുവന്നു. അമ്മുമ്മ അതിൽ നിറയെ ചവർ നിറച്ചു കുഴിയിൽ കുഴിച്ചിട്ടു. എന്നിട്ട് അമ്മൂമ്മ ഒരു വടിയെടുത്തു കൊണ് വന്ന് ഒരു ഹോമകുണ്ഡം ഉണ്ടാക്കി. എന്നിട്ട് തകരപ്പാത്രം കുഴിച്ചിട്ട സ്ഥലത്ത്



കോലു ചൂണ്ടി പറഞ്ഞു ഈ സ്വർണ്ണമെല്ലാം ചവർ ആയാലും. അപ്പോൾ ഇതെല്ലാം കള്ളന്മാർ കേൾക്കുന്നുണ്ടായിരുന്നു. അവർ പറഞ്ഞു നമുക്ക് വേഗം ആ കിളവിയെ ഒരു പേടിപ്പിച്ച് ചവറ സ്വർണം ആക്കണം. കള്ളന്മാർ അവരുടെ വീട്ടിൽ ചെന്നു എന്നിട്ട് അവരോടു പറഞ്ഞു ആ ചവറ സ്വർണമാക്കണം.അല്ലെങ്കിൽ രണ്ടിനേയും തട്ടിക്കളയും. അമ്മൂമ്മയും അപ്പൂപ്പനും മുറ്റത്തു ചെന്ന് തകര പാത്രത്തിലെ അടുത്തേക്ക് വടി നീട്ടി പറഞ്ഞു വേഗം ഇത് സ്വർണ്ണം ആയാലും കള്ളന്മാർക്ക് സന്തോഷമായി അവർ അത് കുഴിച്ചെടുത്തു എന്നിട്ട് വീട്ടിലേക്ക് പോയി.അമ്മൂമ്മയുടെ കൈയിലിരുന്നത് വെറുമൊരു വാടിയാണെന്ന് പാവം കള്ളൻമാർ അറിഞ്ഞില്ല. അങ്ങനെ അമ്മൂമ്മയും അപ്പൂപ്പനും കള്ളന്മാരെ പറ്റിച്ചു

# _അമ്മു അമ്മൂമ്മ

അമ്മു അമ്മൂമ്മ ഒരു പാവമാണ് സഹായിക്കാൻ അവർക്ക് ആരുമില്ല എന്തെങ്കിലും ഏതെങ്കിലും ജോലിയെടുത്ത് കഴിയാൻ ശരീരത്തിന് ശേഷിയും ഇല്ല എന്നാലും ഗ്രാമത്തിന് അടുത്ത് വനത്തിൽ പോയി വിറക് ശേഖരിച്ച് ആണ് അവർ ജീവിച്ചിരുന്നത് അമ്മൂമ്മ ദിവസവും രാവിലെ കാട്ടിലേക്ക് പോകും ഒന്നുകിൽ ഒരു കെട്ട് വിറക് അല്ലെങ്കിൽ പുല്ല് എന്തെങ്കിലുമൊക്കെ കാട്ടിൽനിന്ന് ശേഖരിക്കും പിന്നെ അത് ഗ്രാമത്തിൽ വരുന്ന ആർക്കെങ്കിലും വിക്കും ഇതാണ് പതിവ് ഒരു ദിവസം കാട്ടിൽ പോയപ്പോൾ അമ്മൂമ്മയ്ക്ക് അവിടെനിന്നും ഒരു നിധി കിട്ടി ആ നിധിക്കുള്ളിൽ കുറെ സ്വർണ്ണനാണയങ്ങൾ അതുകോണ്ട് അവരുടെ ശേഷിച്ചകാലം  ജീവിക്കാനുള്ള വകയുണ്ട് എന്ന് അവർക്ക് മനസ്സിലായി ആ നിധി അവർ തന്റെ വീട്ടിൽ ഭദ്രമായി സൂക്ഷിച്ച പിറ്റേന്നാൾ ഒരു സ്വർണ്ണനാണയവുമായി അമ്മൂമ്മ കടയിലെത്തി കടയിൽ കൊടുത്ത് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി എന്നാൽ കടക്കാരൻ ഭോലുവിന് സ്വർണ്ണനാണയം കണ്ടപ്പോൾ വലിയ അത്ഭുതമായി അയാൾ അമ്മൂമ്മയോട് എല്ലാ കാര്യങ്ങളും ചോദിച്ച



മനസ്സിലാക്കി ഭോലുറാം ആളൊരു മഹാഅത്യാഗ്രഹിയും അതിമോഗായുമായിരുന്ന ആയിരുന്ന എങ്ങനെയെങ്കിലും നിധി തട്ടി എടുക്കണമെന്നായിരുന്ന അയാളുടെ ആഗ്രഹം അയാൾ പറഞ്ഞു അമ്മൂമ്മ സൂക്ഷിക്കണേ നീതി ഭദ്രമായി വെക്കണേ എന്ന നല്ല വർത്തമാനവും പറഞ്ഞു അതേസമയം  നിധി  തട്ടിയെടുക്കാനുള്ള വഴികളും അദ്മോഗം

കണക്കുകൂട്ടി ഏതെങ്കിലുംമൊരു  രാത്രി മുഖംമൂടിയണിഞ്ഞ നിധി തട്ടിയെടുക്കാൻ അയാൾ ഉറച്ചു അമ്മുമ്മയ്ക്ക് തന്നെ തടയാനാവില്ലെന്ന് ഭോലുറാമിന് അറിയാമായിരുന്നു അതിനു വേണ്ട പരിശോധനകൾ എല്ലാം അയാൾ നടത്തി ഇനി മോഷ്ടിക്കാൻ ദിവസം കണ്ടെത്തണം അങ്ങനെയിരിക്കെ ഒരുദിവസം കണ്ടെത്തി ആ ദിവസം രാത്രി രണ്ടു തടിമാടന്മാർ അമ്മൂമ്മയുടെ വീട്ടിലെത്തി അമ്മൂമ്മേ ഞങ്ങൾ അടുത്ത ഗ്രാമത്തിലേക്ക് പോകുന്ന വഴിയാത്രക്കാരാണ് ഞങ്ങൾ ഇന്നിവിടെ താമസിക്കും രാത്രി ഭക്ഷണം നൽകണം നാളെ ഞങ്ങൾ പോകും അമ്മൂമ്മയ്ക്ക് ആകെ പേടിയായി  തന്റെ സ്വർണ്ണനാണയങ്ങൾ തട്ടിയെടുക്കാൻ വന്ന കൊള്ളക്കാരാണോ  ഇവർ എന്നാലും ഭക്ഷണം ചോദിച്ചു വന്നവരെ എങ്ങനെ പറഞ്ഞയക്കും മനസ്സില്ലാമനസ്സോടെ അമ്മൂമ്മ അത് സമ്മതിച്ചു ശരിക്കും അവർ കൊള്ളക്കാർ തന്നെയായിരുന്നു  അവർ അടുത്ത ഗ്രാമത്തിൽ മോഷ്ടിക്കാൻ പോകുകയായിരുന്നു അന്ന് രാത്രിയാണ് ഭോലുറാം മോഷ്ടിക്കാൻ അമ്മൂമ്മയുടെ വീട്ടിൽ കയറിയത് കൊള്ളക്കാർ ഉറക്കത്തിലും ശ്രദ്ധയുള്ളവരായിരിക്കുമല്ലോ തങ്ങളെ പിടികൂടാൻ ആരോ വരുന്നുണ്ടെന്നാണ് അവർ സംശയിച്ചത് പെട്ടെന്ന് തന്നെ അവർ ആ മുഖംമൂടികാരനെ കൈകാര്യം ചെയ്തു. ഒരു വിധം ഭോലുറാം ഇരുട്ടിൽ രക്ഷപ്പെട്ടു ഇതൊന്നുമറിയാതെ അമ്മൂമ്മ അന്തിച്ചുനിക്കുകയായിരുന്നു കൊള്ളക്കാരാകട്ടേ   ഇനി ഇവിടെ നിന്നാൽ തങ്ങളുടെ ജീവൻ അപകടത്തിലാകുമെന്ന് വിചാരിച്ച് ഓടിരക്ഷ പ്പെട്ടു.



## പ്രാവും കുറുക്കനും

ഒരിടത്ത് ഒരു പ്രാവും കുറുക്കനും ജീവിച്ചിരുന്നു. കുറുക്കൻ മഹാ അഹങ്കാരിയായിരുന്നു. എന്നാൽ പ്രാവ് വെറും പാവമായിരുന്നു. ഒരിക്കൽ പ്രാവ് ഒരു വേടന്റെ വലയിൽ വീണു. അവൾ തന്റെ അയൽക്കാരനായ കുറുക്കനെ വിളിച്ചെങ്കിലും അവൻ പ്രാവിനെ പരിഹസിക്കുകയല്ലാതെ ഒന്നും ചെയ്തില്ല. അങ്ങനെയിരിക്കെ ഒരുദിവസം കുറുക്കൻ ഒരു കെണിയിൽ കുടുങ്ങി. പിടിയിലായ പ്രാവ് തിരിച്ച് വരുന്നത് കണ്ട കുറുക്കൻ കരഞ്ഞുകൊണ്ട് അഭ്യർത്ഥിച്ചു പ്രാവ് ആവുന്നത്രശ്രമിച്ചെങ്കിലും കുറുക്കനെ രക്ഷിക്കാനായില്ല അഹങ്കാരം നന്നല്ലെന്ന് കുറുക്കന് ബോധ്യമായി.



## _രാജകുമാരനും ,രാജകുമാരിയും, ഭൂതവും

ഒരിടത്ത് ഒരിടത്ത് ഒരു രാജകുമാരി ഉണ്ടായിരുന്നു. അവളുടെ പേര് ശാന്തിനി എന്നായിരുന്നു. അവൾ നല്ലവളായിരുന്നു. അവിടെ ഒരു കുളം ഉണ്ടായിരുന്നു. അവിടെ അവൾ കുളിക്കാൻ പോയി കുളി കഴിഞ്ഞ് വരുന്ന വഴിയിൽ രാജകുമാരനെ കണ്ടു. അവർ രണ്ടുപേരും അൽപസമയം സംസാരിച്ചു. അപ്പോൾ ഒരു തത്ത വന്ന് അവളെ ഭൂതത്താൻ വരവ് അറിയിച്ചു. അതുകേട്ട് രാജകുമാരി ഞെട്ടി. അവൾ തിരിഞ്ഞ് രാജകുമാരന്റെ അടുത്ത് ചെന്ന് പറഞ്ഞ വിവരം അറിയിച്ചു. കുമാരൻ പറഞ്ഞു പേടിക്കേണ്ട നീ പോയ്ക്കോളൂ.എല്ലാം ഞാൻ ശരിയാക്കിക്കൊള്ളാം. അപ്പോൾ അവിടെ നിന്നും ഒരു മന്ത്രവാദി വന്ന സുന്ദരിയായ കുമാരിയെ തട്ടിക്കൊണ്ടുപോയി. കുമാരൻ അതുകൊണ്ട് ഭയന്നു. അവൻ തിരിച്ച് കൊട്ടാരത്തിൽ ചെന്ന് കുമാരന്റെ അമ്മയുടെ അടുത്ത് വിവരം പറഞ്ഞു. മന്ത്രവാദി കുമാരിയെ യാഗത്തിന് കൊണ്ടുപോയിരിക്കുകയാണ് ഇരിക്കുകയാണ് പക്ഷേ 7 ദിവസം നീണ്ടുനിൽക്കുന്ന യാഗത്തിന് ഏഴാം ദിവസം ചൊല്ലേണ്ട മന്ത്രം മന്ത്രവാദിക്ക് അറിയില്ല.ആ മന്ത്രം നീ അവനെ ഉപദേശിക്കുക. അപ്പോൾ സംപ്രീതനായിക്കൊള്ളും.അപ്പോൾ അവൻ നിന്നോട് പറയും ഒരു വരം ചോദിക്കാൻ അപ്പോൾ നീ പറയണം എനിക്ക് ഒരു ഭൂതത്താനേവേണം ഭൂതത്താനിലൂടെല നീ അവളെ രക്ഷിക്കണം. കുമാരൻ മാതാവിൻറെ പിതാവിനെയും അനുവാദം വാങ്ങി അവിടെ നിന്നും പോയി. കുറച്ചുനാൾ കഴിഞ്ഞ് അവൻ രാമനാഥപുരത്തെത്തി. അവിടെ ഒരാളിരുന്ന്  എന്തോ





LITTLE KITES

## _രാജകുമാരനും ,രാജകുമാരിയും, ഭൂതവും


തപ്പുന്നു.അവൻ പെട്ടന്നൊരു സന്യാസിയുടെ വേഷം ധരിച്ച് അവിടെ ചെന്നു. അപ്പോൾ അവിടെ ഒരു സുന്ദരിയായ സുന്ദരിയായ യുവതിയെ കണ്ടു. അപ്പോൾ കുമാരന് തന്റെ പ്രിയ പെട്ടവളെ ഓർമ്മ വന്നു. അവൻ ചോദിച്ചു അങ്ങ് എന്താണ് തപ്പുന്നത്. മന്ത്രവാദി പറഞ്ഞു ഞാൻ ഒരു മന്ത്രം തപ്പുകയാണ്. കുമാരൻ പറഞ്ഞു എനിക്ക് അറിയാം. മന്ത്രാവാതി പറഞ്ഞു എനിക്ക് ഒന്നു  പറഞ്ഞു തരണം. കുമാരൻ പറഞ്ഞു കൊടുത്തു. അവൻ ഒരു വരം ചോദിക്കാൻ പറഞ്ഞു. അവൻ ഭൂതത്താനെ വരം ചോദിച്ചു.  മന്ത്രവാദി കൊടുത്തു. ഭൂതത്താൻ പറഞ്ഞു അങ്ങ് എന്നെ കൊല്ലണം. അപ്പോൾ എന്റെ ശക്തി കുമാരിക്കു കിട്ടും. കുമാരൻ അങ്ങനെ ചെയ്തു. അപ്പോൾ കുമാരി അവിടെ നിന്നും എഴുന്നേറ്റു വന്നു. അവൾ മന്ത്രവാദിയുടെ കഥകഴിച്ചു. കുമാരനും കുമാരിയും സന്തോഷത്തോടെ കൊട്ടാരത്തിലേക്ക് പോയി.

# ചെണ്ടകൊട്ട്

അമ്പലത്തിൽ ചെണ്ട കൊട്ട്
പള്ളിയിലും ചെണ്ട കൊട്ട്
ഉത്സവത്തിനും ചെണ്ട കൊട്ട്
പെരുന്നാളിനും ചെണ്ട കൊട്ട്

ഡും.........ഡും .........ഡും
ചെണ്ടക്കാരൻ മാരാർക്ക്
തിരക്കൊഴിഞ്ഞ നേരമില്ല
ചെണ്ടയ്ക്കാണേൽ

കൊട്ടുകൊണ്ട്
നടുവൊടിഞ്ഞ് മട്ടിലായി
മഴക്കാലം വരും നേരം
മാനം കറുത്തിരുണ്ടനേരം
രണ്ടുപേർക്കും പണിയുമില്ല.



# സ്വർണ്ണ കാക്ക

ഒരു ഗ്രാമത്തിൽ ഒരു ദരിദ്രയായ സ്ത്രീ താമസിച്ചിരുന്നു. അവൾക്കൊരു കൊച്ചുമകൾ ഉണ്ടായിരുന്നു.സുന്ദരിയും നല്ലവളും ആയിരുന്നു.ഒരു ദിവസം മുറ്റത്ത് ഉണക്കാനിട്ടിരുന്ന അരിയുടെ  അടുത്ത്  കാവൽ ഇരിക്കുകയായിരുന്നു അവൾ.അപ്പോൾ



എവിടെനിന്നോ ഒരു കാക്ക പറന്നു വന്നു. അവളിതുവരെ ഇതുപോലെ ഒരു കാക്കയെ കണ്ടിട്ടില്ല.സ്വർണ്ണത്തിൽ പൊതിഞ്ഞ പോലെ ആയിരുന്നു കാക്ക.കാക്ക അരി കൊത്തിത്തിന്നാൻ തുടങ്ങി. അപ്പോൾ അവൾ പറഞ്ഞു കാക്കേ കാക്കേ



തിന്നരുത് ഞങ്ങൾ പാവപ്പെട്ടവരാണ് അപ്പോൾ കാക്ക പറഞ്ഞു നീ നല്ലവളാണ് കളങ്കമില്ലാത്തവൾ.ഞാൻ നിനക്ക് ഈ അരിയുടെ വില തരാം.നാളെ സൂര്യനുദിക്കുന്നതിനു മുൻപ് ആലിൻചുവട്ടിൽ വരണം.ഇത്രയും പറഞ്ഞതിനുശേഷം കാക്ക പറന്നുപോയി. അടുത്തദിവസം സൂര്യനുദിക്കുന്നതിനു മുൻപ് അവൾ ആലിൻചുവട്ടിൽ എത്തി അവിടെ അവളെ അൽഭുതപ്പെടുത്തുന്ന കാഴ്ചയായിരുന്നു കണ്ടത്.ഒരു സ്വർണ്ണ കൊട്ടാരം.കാക്ക നേരം വെളുത്തതിന് ശേഷം പുറത്തു വന്നു എന്നിട്ട് പറഞ്ഞു ഞാൻ ഒരു ഏണി വെച്ചു തരാം നിനക്ക് സ്വർണ്ണംകൊണ്ടുള്ളതാണോ വെള്ളികൊണ്ടുള്ളതാണോ അതോ ചെമ്പുകൊണ്ടുള്ളതാണോ വേണ്ടത്. അപ്പോൾ അവൾ പറഞ്ഞു ഞങ്ങൾ പാവപ്പെട്ടവരാണ് എനിക്ക് ചെമ്പ്കൊണ്ടുള്ള ഏണി മതി. അവൾക്ക് സ്വർണംകൊണ്ടുള്ള ഏണിയാണ് കാക്ക നൽകിയത്. അവൾ കൊട്ടാരത്തിലെത്തി കാക്ക ചോദിച്ചു നീ ആഹാരം കഴിച്ചോ നമുക്ക് ആഹാരം കഴിക്കാം.  സ്വർണ്ണ തളികയിലോ വെള്ളിത്തളികയിലോ

## സ്വർണ്ണ കാക്ക

അതോ ചെമ്പുതളികയിലോ ആഹാരം വേണ്ടത്.അവൾ പറഞ്ഞു ഞങ്ങൾ പാവപ്പെട്ടവരാണ് എനിക്ക് ചെമ്പ് തളികയിൽ തന്നാൽ മതി.അപ്പോൾ കാക്ക സ്വർണത്തളികയിൽ ആഹാരം നൽകി.അതിനുശേഷം കാക്ക മൂന്ന് പെട്ടികൾ അവളുടെ അടുത്ത് കൊണ്ടുവന്നു വെച്ചു എന്നിട്ട് പറഞ്ഞു നിനക്ക് വേണ്ടത് എടുത്തോളൂ.ഞാൻ കുറച്ച് അരിയല്ലേ തന്നോളളൂ. എനിക്ക് ചെറിയ പെട്ടി മതി.അവൾ അതിൽ ഒരു പെട്ടി ചൂണ്ടിക്കാണിച്ചു എന്നിട്ട് അതുമായി വീട്ടിലേക്ക് പോയി  അത് നിറയെ സ്വർണ നാണയങ്ങൾ ആയിരുന്നു അവളുടെ വീടിനടുത്ത് ഒരു അമ്മയും മകളും താമസിക്കുന്നുണ്ടായിരുന്നു അവർ അസൂയക്കാരായിരുന്നു  ഇവർ സമ്പന്നരായ വിവരം അവർ എങ്ങനെയോ അറിഞ്ഞു. അതിനുശേഷം അവർ  അരി ഉണക്കാൻ ഇട്ടു.പതിവുപോലെ സ്വർണ്ണ കാക്ക വന്ന് കൊത്തിത്തിന്നു. അപ്പോൾ അവൾ പറഞ്ഞു എനിക്ക് അരിയുടെ പൈസ കിട്ടണം ഇത് ഞങ്ങൾക്ക് വെറുതെ കിട്ടുന്നതല്ല.സ്വർണകാക്ക ദേഷ്യത്തോടെ പറഞ്ഞു സൂര്യോദയത്തിനുമുമ്പ് ആലിൻചുവട്ടിൽ എത്തുവാൻ.രാവിലെ തന്നെ ആരയാലിൻ ചുവട്ടിലെത്തിയ പെൺകുട്ടിക്ക് കാക്ക ഉണരുന്നതു വരെ ക്ഷമിക്കാൻ കഴിഞ്ഞില്ല.കാക്കേ ഞാൻ വന്നു കഴിഞ്ഞു.എനിക്ക് എന്റെ അരിയുടെ വില തരണം.നിനക്ക് ഞാൻ ഏണി വച്ചു തരാം.സ്വർണ ഏണിയോ വെള്ളി ഏണിയോ ചെമ്പ് ഏണിയോ വേണ്ടത്.എനിക്ക് സ്വർണ ഏണി വേണം.



പെൺകുട്ടി ഒട്ടും മടികൂടാതെ പറഞ്ഞു.പക്ഷെ ചെമ്പ്കൊണ്ടുള്ള ഏണിയാണ് കാക്ക കൊടുത്തത്.ഇപ്രകാരം ആഹാരം കഴിക്കുവാൻ പെൺക്കുട്ടി സ്വർണത്തളിക ആവശ്യപ്പെടുകയും കാക്ക ചെമ്പ്തളികയിൽ ആഹാരം കൊടുക്കുകയും ചെയ്തുപിന്നീട് മൂന്ന്

## സ്വർണ്ണ കാക്ക

പെട്ടികൾ കൊണ്ടുവന്നു. ഇതിൽ ഒന്നെടുത്തമ്മയ്ക്ക് കൊടുക്കണമെന്ന് കാക്ക പറഞ്ഞു.പെൺകുട്ടി ഏറ്റവും വലിയ പെട്ടിയെടുത്തു നടന്നു.വീട്ടിലെത്തി അത്യാഗ്രഹിയായ അമ്മയും മകളും പെട്ടിതുറന്നു.അയ്യോ അവർ ഞെട്ടി.പെട്ടിയിൽ നിന്ന് കറുത്ത സർപ്പം പുറത്തു ചാടി.

ഗുണപാഠം; അത്യാഗ്രഹം ആപത്ത്

# <u>രാമുവും ദാമുവും</u>

പണ്ട് പണ്ട് ഒരിടത്ത് രാമുവെന്നും,ദാമുവെന്നും പേരുള്ള രണ്ടു പേർ ഉണ്ടായിരുന്നു.അവർ രണ്ടുപേരും ഒരമ്മയുടെ മക്കളായിരുന്നു.ചെറുപ്പത്തിൽ തന്നെ അവരുടെ അച്ഛനമ്മമാർ മരിച്ചു.ഒരു ദിവസം അവർ അയൽ രാജ്യത്തേക്ക് പോകുവാൻ തീരുമാനിച്ചു. ഒരു കാട് കടന്നുവേണം അയൽ രാജ്യത്ത് എത്താൻ.അങ്ങനെ അവർ കടന്ന് അയൽരാജ്യത്തെ എത്തി.അവിടെ എത്തിയപ്പോൾ ഒരു വിളംബരം കേട്ടു.നിങ്ങൾക്ക് രാജകൊട്ടാരത്തിലെ ഏതു വസ്തുവിലും തൊടാം.പക്ഷേ തൊടുന്ന വസ്തു അയാളുടെ സ്വന്തം.അവിടുത്തെ രാജകുമാരിക്ക് ഇഷ്ടപ്പെട്ട വസ്തുവിൽ തൊട്ടാൽഅയാള്ക്ക് രാജകുമാരിയെ വിവാഹം കഴിക്കാം.ഇത് കേട്ടപ്പോൾ രാമു ദാമുവിനോട് പറഞ്ഞു നമ്മൾ രണ്ടുപേരും മത്സരത്തിൽ പങ്കെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് നമ്മളിലൊരാൾ മത്സരത്തിൽ പങ്കെടുക്കാം രാമു പറഞ്ഞു. ഇത് കേട്ടപ്പോൾ ദാമു പറഞ്ഞു എന്നാൽ നീ തന്നെ മത്സരത്തിന് പൊക്കോളൂ അങ്ങനെ രാമു മത്സരത്തിന് പോയി.പോകുന്നവഴിക്ക് രാമു ഒരു മരം കണ്ടു.അതിൽ ധാരാളം പഴങ്ങൾ ഉണ്ടായിരുന്നു.രാമു അതിൽ ഒരെണ്ണം പറിച്ചു. അതിൽ രാമു ഒരു അത്ഭുതം കണ്ടു ആ മരത്തിലെ ഫലം ഒരു നായ തിന്നു. അപ്പോൾ തന്നെ ആ നായ മരിച്ചു.ഇതായിരുന്നു ആ കാഴ്ച. അപ്പോൾ രാമുവിനു മനസ്സിലായി ഇത് ഒരു വിഷക്കായ ആയിരുന്നു എന്ന്.ആ ഫലം വലിച്ചെറിഞ്ഞ് രാമു കൊട്ടാരത്തിലേക്ക് നടന്നു.കൊട്ടാരത്തിൽ ധാരാളം പേർ മത്സരത്തിന്





## രാമുവും ദാമുവും

എത്തിയിട്ടുണ്ടായിരുന്നു.അടുത്തത് രാമുവിന്റെ ഊഴമായി.അപ്പോൾ രാജകുമാരി ഒരു പഴം തിന്നാൻ തുടങ്ങി . രാമു ചെന്ന് ആ പഴം തട്ടി കളഞ്ഞു. എന്നിട്ട് പറഞ്ഞു കുമാരി ആ ഫലം ഒരു വിഷക്കായ ആണ് രാജാവ് അന്വേഷിച്ചപ്പോൾ രാജകുമാരിക്ക് ഏറ്റവും ഇഷ്ടം സ്വന്തം ജീവനാണ്.രാമു പറഞ്ഞത് ശരിയാണ് ഇതിൻറെ പുറകില്ല ഉണ്ടായിരുന്ന മാന്ത്രിയെയും സൈന്യാധിപനേയും തുറങ്കിലടച്ചു. രാജകുമാരിയെ രാമുവിന് വിവാഹം കഴിപ്പിച്ചു കൊടുത്തു.



## _ചിന്നക്കുരുവിയുടെ ദയ

ഒരു കാട്ടിൽ ചിന്നു കുരുവിയും ചക്കി കുരുവിയും എന്ന രണ്ടു ചങ്ങാതിമാർ താമസിച്ചിരുന്നു.അവർ അടുത്തടുത്ത മരങ്ങളിലാണ് താമസിച്ചിരുന്നത്.ചക്കി മടിയനായിരുന്നു.ചിന്നു കൊണ്ടുവരുന്ന ഭക്ഷണം കഴിച്ചാണ് ചക്കി ജീവിച്ചിരുന്നത്.ഒരുദിവസം ചിന്നു താമസിച്ചിരുന്ന മരം ഒടിഞ്ഞു പോയി.പാവം



ചിന്നുവിന് താമസിക്കാൻ ഇടമില്ലാതായി.അവൻ ചക്കിയോട് ചോദിച്ചു എനിക്ക് താമസിക്കാൻ ഇടം തരാമോ?ചക്കിക്ക് ദേഷ്യം കയറി അവൻ പറഞ്ഞു ഹും ഇപ്പോൾ നിനക്ക് താമസിക്കാൻ ഇടം തരികയില്ല.നീ പോയി വേറെ സ്ഥലം നോക്ക്.ചിന്നുവിന് സങ്കടം സഹിക്കാനായില്ല.അവൻ കരഞ്ഞുകൊണ്ട് ദൂരത്തേക്ക് പറന്നു പോയി.അവൻ കാക്കപെണ്ണിനോട് താമസിക്കാൻ ഇടം തരാമോ എന്ന് ചോദിച്ചു.ചിന്നുവിന്റെ സങ്കടം കണ്ട് കാക്കപെണ്ണിന് അലിവ് തോന്നി.അവൾ ചിന്നു കുരുവിക്ക് താമസിക്കാൻ ഇടം കൊടുത്തു.കുറേനാൾ കഴിഞ്ഞപ്പോൾ ചിന്നക്കുരുവി മറ്റൊരു താമസസ്ഥലം കണ്ടെത്തി.കുറെനാൾ കഴിഞ്ഞപ്പോൾ ചക്കി കുരുവിയുടെ കൂട് കാറ്റിൽപെട്ട് താഴെവീണു. അവന്സങ്കടമായി.അവൻ പറന്നു പോകുമ്പോഴാണ്ചിന്നു കുരുവിയെ കണ്ടത്.ചിന്നു ചോദിച്ചു നീ എങ്ങോട്ടാണ് പോകുന്നത്?അപ്പോൾ ചക്കി പറഞ്ഞു.എന്റെ കൂട് കാറ്റിൽപ്പെട്ട് താഴെവീണു.ചിന്നു പറഞ്ഞു അതിന് നീ വിഷമിക്കേണ്ട നീ എന്റെ കൂട്ടിൽ താമസിച്ചുകൊള്ളൂ.ചിക്കു പറഞ്ഞു നീ എനിക്ക് മാപ്പ് തരണം.നിന്റെ കൂട് നഷ്ടമായപ്പോൾ ഞാൻ ഇടം നൽകേണ്ടതായിരുന്നു.അതുസാരമില്ല നീയിനി അങ്ങനെ ചെയ്യാതിരുന്നാൽ മതി. പിന്നീട് അവർ നല്ല സുഹൃത്തുക്കളായി കഴിഞ്ഞു.

LITTLE KITES

# കുറുക്കന്റെ കൗശലം

പണ്ട് പണ്ട് ഒരിടത്ത് ഒരു കടുവ ഉണ്ടായിരുന്നു. അവൻ വലിയ ഒരു കാട്ടിലാണ് ജീവിച്ചിരുന്നത്. അവൻ ആ കാട്ടിലെ മൃഗങ്ങൾക്കെല്ലാം വളരെ വലിയ ശത്രുവായിരുന്നു. ആ കാട്ടിൽ അപ്പോൾ ഒരു കുറുക്കൻ വന്നെത്തി. മഹാ സൂത്രക്കാരനായിരുന്ന ആ കുറുക്കൻ  ഈ കടുവയെ



എങ്ങനെയെങ്കിലും ഈ കാട്ടിൽ നിന്ന് ഓടിക്കണമെന്ന് തീരുമാനിച്ചു. ആ കാലത്ത് അവിടെ കാടിനടുത്ത് കുറേ സർക്കസുകാർ വന്നെത്തിയത്.ആ തക്കത്തിന് കുറുക്കൻ കടുവയോട് പറഞ്ഞു ചേട്ടാ എന്റെ കയ്യിൽ ഒരു മാന്ത്രിക കുഴൽ ഉണ്ട്. അതിൽ ഊതിയാൽ വലിയ ശബ്ദം ഉണ്ടാകും. പക്ഷേ ഒരു കാര്യമുണ്ട് അതിലൂതിയിട്ട് ചേട്ടൻറെ ഏതാഗ്രഹം വേണമെങ്കിലും സാധിക്കും. പക്ഷേ ഒരു കാര്യം.ഇത് പറന്നു നിന്നുകൊണ്ട് ഊതണം എന്നാലേ കാര്യം സാധിക്കൂ. അപ്പോൾ  കടുവ ചോദിച്ചു അതെങ്ങനെയാടാ പറക്കുന്നത്. അതിനൊരു വഴിയുണ്ട് കുറുക്കച്ചൻ പറഞ്ഞു. ഞാൻ ചേട്ടന്റെ വയറ്റിൽ കയറുകെട്ടി ഒരുമരക്കൊമ്പിന്റെ പിറകിൽ നിൽക്കാം. അതുകഴിഞ്ഞ് ഞാൻ കയറ് താഴോട്ട് വലികാകുമ്പോൾകൊമ്പിന്റെ സഹായത്തോടുകൂടി ചേട്ടൻ മുകളിലേക്ക് പൊങ്ങും. അപ്പോൾ ചേട്ടൻ കുഴലൂതണം. രണ്ടുപേരും പിറ്റേ ദിവസം ഒരു മരത്തിന്റെ ചുവട്ടിലെത്തി. കുറുക്കൻ പറഞ്ഞതുപോലെ ചെയ്തു.കുഴലിന്റെ ശബ്ദം കേട്ട് അവിടെ വന്നിരുന് സർക്കസുകാർ അവനെയും പിടിച്ച് സർക്കസിൽ ചേർക്കാൻ കൊണ്ടുപോയി. അതോടെ അവന്റെ ശല്യവും തീർന്നു. കാട്ടിലെ മൃഗങ്ങളെല്ലാം കുറുക്കനെ പുകഴ്ത്തി.



LITTLE KITES

# ലൊട്ടുക്കുരങ്ങനും മൊട്ടുമുയലും

പണ്ട് പണ്ട് ഒരു സ്ഥലത്ത് ഒരു കാടുണ്ടായിരുന്നു. ആ കാടിന്റെ പേര് ചെമ്പക്കാട് എന്നായിരുന്നു. ചമ്പൽക്കാട്ടിൽ ഒരു കുരങ്ങൻ ഉണ്ടായിരുന്നു ആ കുരങ്ങൻ പേര് ലൊട്ടു എന്നായിരുന്നു. ലൊട്ടുക്കുരങ്ങൻ പമ്പര വിഡ്ഢിയായിരുന്നു. അവന്റെ പാർപ്പിടത്തിന് അടുത്ത് ഒരു മുയൽ താമസിക്കുന്നുണ്ടായിരുന്നു. മുയലിന്റെ പേര്



മൊട്ടു എന്നായിരുന്നു. മൊട്ടു ബുദ്ധിമാനായിരുന്നു. ലൊട്ടുകുരങ്ങന് മൊട്ടുമുയലോട് ഭയങ്കര അസൂയയായിരുന്നു.മൊട്ടുമുയലിനെ കുടുക്കുവാൻ വേണ്ടി ലൊട്ടു കുരങ്ങൻ പലവഴികളും ചെയ്തു നോക്കി. ആ വഴികൾ ഒന്നും ഫലിച്ചില്ല. ഒരു ദിവസം കാട്ടിലെ മൃഗങ്ങൾ



എല്ലാവരും ഒരു യോഗം കൂടി. കുരങ്ങൻ മാത്രം പോയില്ല.മൊട്ടുമുയലിനെ കുടുക്കുവാൻ വേണ്ടി കെണികൾ ആലോചിച്ചുകൊണ്ട് കൊണ്ട് കുരങ്ങൻ അങ്ങനെ ഇരുന്നു. കിട്ടിപോയി! കുരങ്ങൻ ആലോചിച്ചിരുന്ന ശേഷം  ലൊട്ടുകുരങ്ങൻ പറഞ്ഞു. കുരങ്ങൻ തനിക്ക് കിട്ടിയ വിദ്യ ഉപയോഗിച്ച് മൊട്ടു മുയൽ ഒരു കുഴി കുഴിച്ചു. അതിനകത്ത് കുപ്പിച്ചില്ലുകളും മുള്ളുകളും എല്ലാം ഇട്ടു. എന്നിട്ട് കരിയില ഇട്ട് കുഴിച്ചു. എന്നിട്ട് ആ വഴിയരികിലുള്ള മരത്തിനു പിന്നിൽ മറഞ്ഞു നിന്നു. മോട്ടു മുയൽ വരുന്നുണ്ടോ എന്ന് നോക്കി കുറേനേരം കഴിഞ്ഞപ്പോൾ മോട്ടു മുയലിന് കണ്ടില്ല. കുരങ്ങൻ ഉറങ്ങി പോയി കുറെ നേരം കഴിഞ്ഞപ്പോൾ മൊട്ടു മുയൽ വന്നു. മൊട്ടു മുയൽ വന്നപ്പോൾ ലൊട്ടുക്കുരങ്ങൻ ഉറങ്ങുന്നത് കണ്ടു. അപ്പോൾ മുയലിന് മനസ്സിലായി തന്നെ കുടുക്കാൻ എന്തോ ചെയ്തു വച്ചിട്ടുണ്ടെന്ന്. മൊട്ടു മുയൽ തിരിഞ്ഞുനടന്നു വേറെ ഒരു വഴിയിലൂടെ വീട്ടിലേക്ക് പോയി. രാത്രിയായതും മുയൽ വരുന്നുണ്ടോ എന്നുമറിഞ്ഞില്ല. നേരം വെളുത്തു ലൊട്ടുകുരങ്ങൻ കണ്ണുതുറന്നു നോക്കിയപ്പോൾ സ്വന്തം പാർപ്പിടത്തല്ല കിടക്കുന്നത്. എന്നിട്ടും ലൊട്ടുകുരങ്ങന് ഒന്നും മനസിലായില്ല. കുരങ്ങൻ നേരെ എഴുന്നേറ്റുനടന്നു. ദാ കിടക്കുന്നു നേരെക്കുഴിയിൽ.മൊട്ടുക്കുരങ്ങന്റെ കാലിൽ കുപ്പിചില്ലുകളും മുള്ളുകളും തറച്ചുകയറി.അവന് വല്ലാതെ വേധനിച്ചു.അപ്പോഴാണ്

## <u>ലൊട്ടുക്കുരങ്ങനും മൊട്ടുമുയലും</u>


അവന് കാര്യം പിടികിട്ടിയത്.ലൊട്ടുക്കുരങ്ങൻ ഞൊണ്ടിഞൊണ്ടി വീട്ടിലേക്ക് മടങ്ങി.

LITTLE KITES

## പണം കായ്ക്കുന്ന മരം

ഒരിക്കൽ ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമയും ഉണ്ടായിരുന്നു. അവർക്ക് ഒരു മകൻ ഉണ്ടായിരുന്നു. അവൻ മഹാമടിയനായിരുന്നു. അവർക്ക് ഒരു കോഴി ഉണ്ടായിരുന്നു എന്നും കോഴി മുട്ടയിടുമായിരുന്നു. ആ മുട്ട വിറ്റാണ് അവർ ജീവിച്ചിരുന്നത്.അപ്പു എന്നാണവന്റെ പേര്.അപ്പു 

പണിയെടുക്കാതെ പണം ഉണ്ടാക്കാനുള്ള വഴി അന്വേഷിച്ചു നടന്നു അപ്പോഴാണ് അങ്ങകലെ കാട്ടിൽ ഒരു സന്യാസിയുടെ അടുത്തേക്ക് പോയി എന്നിട്ട് സന്യാസിയെ വണങ്ങി പറഞ്ഞു എനിക്ക് പണം കായ്ക്കുന്ന മരത്തിന്റെ വിത്ത് തരാമോ അപ്പോൾ ഒന്ന് ആലോചിച്ചിട്ട്



ഭണ്ഡാരത്തിൽ നിന്ന് കുറെ വിത്തുകൾ എടുത്തു. എന്നിട്ട് പറഞ്ഞു. ഈ വിത്തുകളിൽ ഉണ്ട് പണം കായ്ക്കുന്ന മരത്തിൻറെ വിത്ത് അപ്പോൾ അപ്പു ചോദിച്ചു അതെങ്ങനറിയാം. ഈ വിത്തുകൾ നന്നായി വെള്ളമൊഴിച്ച് വളർത്തി വലുതാക്കണം അതുപോലെ ചെയ്തു. അവൻ അതിലുണ്ടായിരുന്ന കായ്കൾ എല്ലാം പറിച്ച് ചന്തയിൽ വിറ്റു. അവൻ വലിയ പണക്കാരനായി. എന്നിട്ട് അവൻ



വീണ്ടും മുനിയുടെ അടുത്തെത്തി എന്നിട്ടും മുനിയോട് മുനിയുടെ പറഞ്ഞു. നിനക്ക് പണം കായ്ക്കുന്ന മരങ്ങൾ കിട്ടിയില്ലേ മുനി പറഞ്ഞത് കേട്ട് അവൻ ലജ്ജിച്ച് തലതാഴ്ത്തി.


E-MAGAZINE
"PREPRATION IS THE KEY TO SUCESS"
JAYAKERALAM.HSS
PULLUVAZHY